Your favouritenewspaperat your fingertips
morning news daily
SUBSCRIBE,
9656571354



# മക്കളുടെ കുറ്റകൃത്യത്തിൽ മാതാപിതാക്കളുടെ പങ്ക്

www.morningnewsdaily.org





ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com

**മക്കളെ അധിക പരിലാളനയിൽ വളർത്തരുത്, അവരെ അവഗണനകളും, വിമർശനങ്ങളും എങ്ങിനെ നേരിടണമെന്ന് പരിശീലിപ്പിക്കേണ്ടത് ആവശ്യമാണ്.**

മക്കളുടെ നല്ല സ്വഭാവം മാതാപിതാക്കളുടെ പരിശ്രമ ഫലമാണെങ്കിൽ അവരുടെ മോശം സ്വഭാവത്തിലും അവർക്ക് ഉത്തരവാദിത്വമുണ്ടായിരിക്കണമല്ലോ, ശരിയല്ലേ? ഈ യാഴ്ച പാലായിലെ കോളേജിൽ നടന്ന ദാരുണ സംഭവത്തെ അടിസ്ഥാനമാക്കി കുറച്ചു കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. www.morningnewsdaily.org
വളരെ ഹീനവും, മനുഷ്യമനസ്സുകളെ വേദനിപ്പിക്കുന്നതുമായ ഒരു സംഭവമാണ് പാലായിലെ ക്യാമ്പസ്സിൽ നടന്നത്. ഒരിക്കലും ആർക്കും ഇനി അങ്ങിനെ സംഭവിക്കാതിരിക്കട്ടെ എന്ന് ആശിക്കാനേ ഇന്നത്തെ സാഹചര്യങ്ങളിൽ കഴിയൂ. സ്വാർത്ഥമതികളും, സഹാനുഭൂതി കുറഞ്ഞവരും, ആത്മ വളർച്ചയില്ലാത്തവരും, ആത്മനിയന്ത്രണം ഇല്ലാത്തവരും, ഗുപ്തമായ വ്യക്തിത്വമുള്ളവരും, വികാരനിയന്ത്രണമില്ലാത്തവരും, ആത്മപ്രീതിക്കായി അഹിതം ചെയ്യാൻ മടിയില്ലാത്തവരും, വികാര വിക്ഷോഭത്തിനടിമപ്പെട്ടവരും, പ്രത്യാഘാതങ്ങളെ പറ്റി ബോധമില്ലാത്തവരുമായ വ്യക്തിത്വങ്ങളാണ് ഇപ്രകാരമുള്ള ഹീനമായ പ്രവർത്തികൾ ചെയ്യുക. തങ്ങളെ അവഗണിക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നത് താങ്ങാൻ ഇവരുടെ മനസ്സ് പാകപ്പെട്ടിട്ടില്ല എന്നുവേണം കരുതാൻ. ഭീരുക്കളാണ് ഇതുപോലെയുള്ള ഹീനമായ പ്രവർത്തികൾ ചെയ്യുക.

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ മാതാപിതാക്കളുടെ പങ്ക് വിലമതിക്കാനാവാത്തതാണ്. മാതാപിതാക്കളുടെ ജോലിയാണ് ഈ ലോകത്തിലെ ഏറ്റവും പ്രയാസമേറിയതും പ്രാധാന്യമേറിയതും. ഓരോ ദമ്പതികളും മാതാപിതാക്കളാകുന്നതിനു മുൻപ് എങ്ങിനെ ഒരു നല്ല രക്ഷിതാവാകാം എന്ന് നന്നായി പരിശീലനം നേടണം. ഇന്നത്തെ തലമുറ കുടുംബ ജീവിതത്തിലേക്ക് കടക്കുന്നത് പോലും ശരിയായ അറിവില്ലാതെയാണ് അപ്പോൾ പിന്നെ രക്ഷിതാക്കളാകുന്ന കാര്യം പറയുകയേ വേണ്ട. കുട്ടികൾ അങ്ങ് വളർന്നോളും, ഞങ്ങളൊക്കെ വളർന്നില്ലേ, ഇപ്പോഴത്തെ കുട്ടികൾക്കെന്താണ് പ്രത്യേകത, മറ്റുള്ളവരു പറഞ്ഞിട്ടുവേണോ ഞാൻ എന്റെ കുട്ടികളെ വളർത്താൻ, ഇതെന്താ ഇത്ര പഠിക്കാനുള്ളത്, പുസ്തകം വായിച്ചാണോ മക്കളെ വളർത്തേണ്ടത് ഇങ്ങനെ പോകുന്നു പല മാതാപിതാക്കളുടെയും യുക്തിവാദങ്ങൾ. എന്നാൽ ഒരു ടീനേജ് ആൻഡ് പേരെന്റിങ് എക്സ്പേർട്ടുമായ, ആയിരത്തിലധികം ടീനേജ് കുട്ടികളും അവരുടെ മാതാപിതാക്കളുമായി അടുത്തിടപഴകുകയും, അവർക്കു ഗൈഡൻസ് കൊടുക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ എനിക്ക് ഉറപ്പിച്ചു പറയുവാൻ കഴിയും ഇന്നത്തെ തലമുറ നല്ല രക്ഷിതാക്കളാകാൻ ആവശ്യമായ കഴിവുകൾ നേടേണ്ടത് ആവശ്യമാണ്. അത് ഇനി യഥാവിധി പഠിച്ചിട്ടാണെങ്കിൽ അങ്ങിനെ.

ഓരോ രക്ഷിതാവിന്റെയും ചുമതല മക്കളെ താൻപോരിമക്കാരായി വളർത്തുകയെന്നതാണ്. അവർ തനിക്കും, കുടുംബത്തിനും, സമൂഹത്തിനും പ്രയോജനകരമായ ജീവിതം നയിക്കുന്നവരായിരിക്കണം.

മക്കളെ അധിക പരിലാളനയിൽ വളർത്തരുത്, അവരെ അവഗണനകളും, വിമർശനങ്ങളും എങ്ങിനെ നേരിടണമെന്ന് പരിശീലിപ്പിക്കേണ്ടത് ആവശ്യമാണ്. കുട്ടികൾ മറ്റുള്ളവരെ ക



ണ്ടും കേട്ടും, ഇടപഴകിയും വേണം വളരാൻ, ആരോഗ്യകരമായ താരതമ്യങ്ങളും, അനുകരണങ്ങളും ശക്തമായ ഒരു വ്യക്തിത്വത്തെ വാർത്തെടുക്കാൻ സഹായിക്കും. ആവശ്യത്തിലധികം സ്വാതന്ത്ര്യം നൽകാതെ, സ്വാതന്ത്ര്യത്തെ ഉത്തരവാദിത്വബോധത്തോടെ ഉപയോഗിക്കാൻ പരിശീലിപ്പിക്കുകയും വേണം. ചോദിക്കുന്നതെന്തും നൽകുന്ന ജീനിയാകാതെ, ആവശ്യങ്ങൾ നിറവേറ്റുന്ന രക്ഷിതാവാകാൻ ഓരോ മാതാപിതാക്കളും ശ്രദ്ധിക്കണം. സ്നേഹം, പരിലാളനം എന്നിവ പോലെ തന്നെ വേദനയും, നിരാശയും, ബുദ്ധിമുട്ടുകളും അറിഞ്ഞുതന്നെ കുട്ടികൾ വളരണം.

കുട്ടികൾക്ക് ഒരിക്കലും ആവശ്യമില്ലാത്ത സ്വകാര്യത നൽകരുത്. തങ്ങളുടെ മുറികളിൽ മാതാപിതാക്കളെ എത്തിനോക്കാൻ പോലും സമ്മതിക്കാത്ത മക്കളുണ്ട്. പ്രവേശനമില്ല എന്ന ബോർഡ് വച്ചിട്ടില്ല എന്നെ ഉള്ളൂ. സ്വകാര്യതയിൽ രഹസ്യങ്ങൾ തഴച്ചു വളരും. രഹസ്യങ്ങളുടെ അതിപ്രസരം വ്യക്തിത്വ വൈകല്യങ്ങളിലേക്കു നയിക്കും. അതുകൊണ്ടു തന്നെ ഏതൊരു വ്യക്തിക്കും വേണ്ടതായ സ്വകാര്യത മാത്രമേ മക്കൾക്കും നൽകാവൂ.

കുട്ടികളെ സാമൂഹിക ജീവിയായി വളർത്തണം. അവരെപ്പറ്റി മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കേൾക്കണം, കണ്ണും കാതും ഇപ്പോഴും അവർക്കായി തുറന്നിരിക്കണം. മക്കളെ അമിതമായി വിശ്വസിക്കരുത്. അതുപോലെ അമിതമായി അവിശ്വസിക്കുകയുമരുത്. അവരും സ്വായാശ്രയമുള്ളവരായി വളരണം. മക്കൾ മാതാപിതാക്കളെ ഭരിക്കുന്നവരാകരുത്. മാതാപിതാക്കളായിരിക്കണം മക്കളെ നയിക്കുന്നവർ. അതിനവർ പ്രാപ്തരായിരിക്കുകയും വേണം. ഇന്നത്തെ മാതാപിതാക്കൾ പലരും ടീനേജ് അയാൽ പ്രണയമാകാം എന്ന് കരുതുന്നവരാണ്. ഇതാണ് മക്കളുടെ തുറുപ്പുചീട്ട്. പ്രണയമെന്നത് സ്വന്തം കാലിൽ നില്കാറാകുമ്പോൾ ചെയ്യേണ്ട കാര്യമാണ്. അല്ലാതെ മാതാപിതാക്കളുടെ വരുമാനത്തിൽ നിന്നല്ല കാമുകിക്കും കാമുകനും വേണ്ടി ചെലവാക്കേണ്ടത്. പാശ്ചാത്യ രീതി അനുകരിക്കുന്നവർ അത് പൂർണ്ണമായും അനുകരിക്കണം അവിടെ കുട്ടികൾ പതിനെട്ടു വയസ്സായാൽ സ്വന്തം കാലിൽ നിൽക്കും. രക്ഷിതാക്കളുടെ പണം വാങ്ങിയാൽ പലരും അത് ലോൺ ആയിട്ടാകും വാങ്ങുക. എന്നാൽ നമ്മുടെ രീതി അതല്ല. മുപ്പതു വയസ്സായാലും മാതാപിതാക്കളുടെ വരുമാനത്തെ ആശ്രയിക്കുന്നവരാണ് പലരും. ആദ്യം സ്വന്തമായി ജീവിക്കാൻ പഠിക്കുക എന്നിട്ടാകാം പ്രണയം എന്നത് ഇന്നത്തെ തലമുറയിലേക്ക് പകരേണ്ടത് രക്ഷിതാക്കളാണ്. അതിനാൽ മക്കൾക്കായി കൂട്ടിവയ്ക്കാതെ അവരെ പരാശ്രയം കൂടാതെ ജീവിക്കാൻ പ്രാപ്തരാക്കുകയാണ് വേണ്ടത്.

ഒരു മനുഷ്യന് വേണ്ടതായ ഗുണങ്ങളാണ് വിവേകം, മനസ്സുറപ്പ്, വിവരം, അറിവ്, കായികബലം, ആത്മനിയന്ത്രണം, ആത്മവിശ്വാസം, സഹാനുഭൂതി, കർത്തവ്യബോധം, സമയനിഷ്ഠത, ആത്മീയത, വിശ്വാസം, ആത്മാർത്ഥത, സുബോധം, സാമാന്യബുദ്ധി, ബഹുമാനം, ആർജ്ജവം, സഹനം, സ്നേഹം, പ്രചോദനം, കരുതൽ, ധൈര്യം, അംഗീകരിക്കൽ, ക്ഷമാശീലം, സ്വാശ്രയബോധം, വിശുദ്ധി, എളിമ, ആത്മപ്രീതി, സാമർത്ഥ്യം, നിശ്ചയദാർഢ്യം മുതലായവ. മാതാപിതാക്കൾ മക്കളിൽ ഇവയെല്ലാം വളർത്തുവാൻ ഉത്തരവാദിത്തപ്പെട്ടവരാണ്. കുട്ടികളുടെ ശാരീരികാരോഗ്യത്തോടൊപ്പം മാനസികാരോഗ്യവും വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇന്നത്തെ തലമുറയിലെ രക്ഷിതാക്കളുടെ മക്കളെ വളർത്തുന്ന രീതിയിലുള്ള അപാകതകളാണ് അവരുടെ വ്യക്തിത്വത്തെ വികലമാക്കുന്നത്. ഒട്ടുമിക്ക രക്ഷിതാക്കൾക്കും എന്തൊക്കെയാണ് അവരുടെ കടമകളെന്നു തിരിച്ചറിവില്ലാത്തവരാണ്. കുട്ടികൾക്ക് കൊടുക്കുന്ന അമിത സ്വാതന്ത്ര്യം, ആരുമായും അധികം ബന്ധം ആവശ്യമില്ലാത്ത മൈക്രോ ഫാമിലി കൾച്ചർ, കുട്ടികളുടെ ആവശ്യങ്ങൾക്ക് അധിക പ്രാധാന്യം കൊടുക്കുന്ന രീതി. കുട്ടികൾ എല്ലാം അറിയുന്നവരും മാതാപിതാക്കൾ അത്രയും അറിവില്ലാത്തവരും എന്ന ഭാവം, മക്കളുടെ മുറിയിൽ കയറിച്ചെല്ലാൻ ഭയക്കുന്ന അല്ലെങ്കിൽ മടിക്കുന്ന രക്ഷിതാക്കൾ. ലോകവുമായി ഒരു ബന്ധവുമില്ലാതെ യൂ ട്യൂബ് വിഡിയോസും, സ്പോർട്സ് ചാനലും, വീഡിയോ ഗെയിംസും, കൂട്ടുകാരും മാത്രമാണ് ജീവിതമെന്നു കരുതുന്ന കുട്ടികളും, അതു മാത്രമല്ല ജീവിതമെന്നു പഠിപ്പിക്കാനറിയാത്ത രക്ഷിതാക്കളുമാണ് ഇന്നത്തെ തലമുറയുടെ തിരുത്തപ്പെടേണ്ട പ്രശ്നങ്ങൾ.

ഇന്നത്തെ രക്ഷിതാക്കളുടെ ചിന്ത തങ്ങൾ പണം കൊണ്ടുള്ള ആവശ്യങ്ങൾ നിറവേറ്റുന്നവരും കുട്ടികൾ അതുപയോഗിച്ചു വളരുന്നവരും ആണ് എന്നാണ്. എന്നാൽ കുട്ടികൾക്ക് കുടുംബപരവും, സാമൂഹികപരവും, ധനപരവും, വ്യക്തിത്വ പരവും, ആത്മീയപരവും, ശാരീരികവും, മാനസികവും, വികാരപരവും, വിചാരപരവുമായ വളർച്ച ആവശ്യമാണെന്നും, അതിനു രക്ഷിതാക്കളുടെ നിരന്തരമായ മാർഗ്ഗദർശനം ആവശ്യമാണെന്നും തിരിച്ചറിയുകയാണ് ആദ്യം വേണ്ടത്. അവസരോചിതമായി പെരുമാറാൻ നാമോരുരുത്തരും ശീലിക്കുകയും നമ്മുടെ കുട്ടികളെ ശീലിപ്പിക്കുകയും വേണം. അവനവനെ എങ്ങിനെ സ്നേഹിക്കണം എന്ന് കുട്ടികളെ ഓരോ മാതാപിതാക്കളും പഠിപ്പിക്കണം. എന്നാൽ അത് ഒരു ആത്മാരാധനയിലേക്കു നീളാതെ നോക്കേണ്ടതും അത്യന്താപേക്ഷിതമാണ്. നമ്മുടെ ഇഷ്ടമനുസരിച്ചു പെരുമാറാനും, നമ്മുടെ ആഗ്രഹങ്ങളെ സാധിച്ചെടുക്കാനും നമ്മുക്കവകാശമുണ്ട് എന്നാൽ ഒരാൾ തന്റെ ആത്മപ്രീതിക്കായി ചെയ്യുന്നത് മറ്റൊരാൾക്ക് ദ്രോഹമായി വരരുത്. അതിനു രക്ഷിതാക്കളുടെ നിരന്തരമായ ശ്രദ്ധയും, മാർഗദർശനവും, അധികാരിതയുള്ള ശാസനയും, ശിക്ഷണവും അത്യന്താപേക്ഷിതമാണ്. അവരുടെ അഹംബോധത്തെ ശരിയായ രീതിയിൽ ബലപ്പെടുത്താൻ തക്കവിധത്തിലുള്ള ജീവിത പാഠങ്ങൾ നൽകി താൻപോരിമക്കാരായ മക്കളെ വളർത്തിക്കൊണ്ടു വരുവാൻ ഓരോ മാതാപിതാക്കളും ജാഗരൂകരായിരിക്കണം. ആദ്യം വ്യക്തി നന്നാകണം, പിന്നീട് കുടുംബം എങ്കിലേ സമൂഹം നന്നാവൂ. എന്നാൽ സമൂഹത്തിനും, കുടുംബത്തിനും ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുണ്ട് താനും. അതിനാൽ പരസ്പരം പഴിചാരി തെറ്റുകൾ തിരുത്താതെ പോകുന്ന രീതി മാറണം. മാതാപിതാക്കൾ വഴക്കടിച്ചു ജീവിക്കുന്ന ഭവനത്തിൽ കഴിയുന്ന, അല്ലെങ്കിൽ രക്ഷിതാക്കളുടെ പരിരക്ഷ ശരിയായി ലഭിക്കാത്ത കുട്ടികളുടെ അഹംബോധം ദുർബ്ബലമാകുകയും അവർ ഭീരുക്കളായി തീരുകയും ചെയ്യുന്നു.

ഓരോ മാതാപിതാക്കളും തങ്ങളുടെ മക്കളെ മനസ്സുറപ്പുള്ളവരും, വിവേകമതികളുമായി വാർത്തെടുക്കാൻ പ്രതിജ്ഞാബദ്ധരാകുമ്പോഴാണ് ഉന്നതിയുള്ള മൂല്യത്തിലൂന്നിയ ഒരു തലമുറ സൃഷ്ടിക്കപ്പെടുന്നത്. അതിനായി ഓരോ രക്ഷിതാക്കളും പരിശ്രമിക്കണം. നിങ്ങളുടെ കാഴ്ചപ്പാടുകളും രീതികളുമാണ് ആദ്യം മാറേണ്ടത് അപ്പോൾ നിങ്ങളുടെ മക്കൾ ശരിയായ വ്യക്തിത്വമുള്ളവരായിതീരും. ഓർക്കുക ആധുനികമായതെല്ലാം ഉൾക്കൊള്ളേണ്ടവയാകണമെന്നില്ല അതുപോലെ പഴയവ തള്ളിക്കളയേണ്ടവയുമായിരിക്കില്ല. എന്തിനെ ഉൾക്കൊള്ളണമെന്നും, തള്ളിക്കളയണമെന്നും വിവേകപൂർവ്വം തീരുമാനിക്കാൻ ഓരോ മാതാപിതാക്കൾക്കും അറിവുണ്ടായിരിക്കണം. എങ്കിലേ ആത്മവിശ്വാസമുള്ള ഒരു രക്ഷിതാവാകാൻ നിങ്ങൾക്ക് സാധ്യമാകൂ.

